## പതിനാലാം കേരള നിയമസഭ
## ഒന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 204** | **28/06/2016-ൽ മറുപടിക്ക്**

### കരുനാഗപ്പള്ളി ഗവൺമെന്റ്താലൂക്ക് ആശുപത്രിയിൽ മഴക്കാല രോഗങ്ങളുടെ ചികിത്സ

ചോദ്യം
**ശ്രീ.ആർ.രാമചന്ദ്രൻ**

മറുപടി
**ശ്രീമതി.കെ.കെ.ശൈലജ ടീച്ചർ (ആരോഗ്യവും സാമൂഹ്യ നീതിയും വകുപ്പുമന്ത്രി)**

| | | |
|---|---|---|
| എ) കരുനാഗപ്പള്ളി ഗവൺമെന്റ് താലൂക്ക് ആശുപത്രിയിൽ മഴക്കാല രോഗങ്ങളുടെ ചികിത്സയുമായി ബന്ധപ്പെട്ട് എന്തെല്ലാം മുൻകരുതലുകളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ; | എ) | കരുനാഗപ്പള്ളി ഗവൺമെന്റ് താലൂക്ക് ആശുപത്രിയിൽ മഴക്കാല രോഗങ്ങളുടെ ചികിത്സയുമായി ബന്ധപ്പെട്ട് ആവശ്യമായ ഡോക്ടർമാരുടെ സേവനം ഉറപ്പു വരുത്തുന്നതിനും, ആവശ്യമരുന്നുകൾ ലഭ്യമാക്കുന്നതിനുമുള്ള നടപടികൾ കൈക്കൊണ്ടിട്ടുണ്ട്. ലാബ് ടെസ്റ്റുകൾ നടത്തുന്നതിനുള്ള സൗകര്യവും ഉറപ്പാക്കിയിട്ടുണ്ട്. |
| ബി) പനി പടർന്നു പിടിക്കുന്ന സാഹചര്യത്തിൽ പനി ചികിത്സയ്ക്ക് പ്രത്യേക സംവിധാനങ്ങൾ ഏർപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ; | ബി) | കരുനാഗപ്പള്ളി ഗവൺമെന്റ് താലൂക്ക് ആശുപത്രിയിൽ പനി ചികിത്സയ്ക്കായി വൈകിട്ട് മൂന്ന് മണി മുതൽ രാത്രി 9 മണി വരെ രണ്ട് പനി ക്ലിനിക്കുകൾ പ്രവർത്തിക്കുന്നുണ്ട്. കൂടാതെ പ്രത്യേകമായി പനി വാർഡും ആരംഭിച്ചിട്ടുണ്ട്. പനി വാർഡുകളിൽ കൊതുകുവല (നെറ്റ്) സ്ഥാപിച്ച് ഡെങ്കിപ്പനി പോലുള്ള കൊതുകുജന്യ രോഗങ്ങൾ തടയുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |
| സി) രോഗികളുടെ തിരക്ക് കുറയ്ക്കുന്നതിനുവേണ്ടി ഇവിടെ അധികമായി ഡോക്ടർമാരെ നിയമിക്കുന്നതിന് നടപടി സ്വീകരിക്കുമോ; | സി) | ഡോക്ടർമാരുടെ കുറവ് പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |

| | | |
|---|---|---|
| ഡി) കരുനാഗപ്പള്ളി മണ്ഡലത്തിലെ പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങളിൽ മഴക്കാല രോഗ ചികിത്സയ്ക്കുവേണ്ടി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ? | ഡി) | കരുനാഗപ്പള്ളി മണ്ഡലത്തിലെ മൈനാഗപ്പള്ളി, തൊടിയൂർ, തഴവ, അഴീക്കൽ, ആലപ്പാട് എന്നീ പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങളിൽ മഴക്കാല രോഗ ചികിത്സയ്ക്കുവേണ്ടി താഴെ പറയും പ്രകാരം നടപടികൾ സ്വീകരിച്ചിട്ടുണ്ട്.<br>പനി ക്ലിനിക്കുകൾ വൈകുന്നേരം 3 മണി വരെ പ്രവർത്തിക്കാൻ നടപടി കൈക്കൊണ്ടിട്ടുണ്ട്. അവശ്യ മരുന്നുകൾ ലഭ്യമാക്കിയിട്ടുണ്ട്. ഉറവിട നശീകരണ പ്രവർത്തനങ്ങളും, ഫോഗിംഗും, വീടിനുള്ളിൽ കീടനാശിനി തളിക്കുന്ന Indoore space Spray പ്രവർത്തനങ്ങളും, മറ്റ് ബോധവൽക്കരണ പ്രവർത്തനങ്ങളും, ഡെങ്കിപ്പനി, എലിപ്പനി, മഞ്ഞപ്പിത്തം എന്നിവയുണ്ടായിട്ടുള്ള സ്ഥലങ്ങളിൽ ഓടകൾ, തോടുകൾ മുതലായവ വൃത്തിയാക്കുന്ന ജോലികളിൽ ഏർപ്പെടുന്നവർക്കും, കൃഷിപ്പണിക്കാർക്കും, തൊഴിലുറപ്പ്, പദ്ധതി പ്രകാരം ജോലി ചെയ്യുന്നവർക്കും എലിപ്പനി പ്രതിരോധ ഗുളിക വിതരണം ചെയ്തിട്ടുണ്ട്.<br>Ward Health Sanitation Committee യും ആരോഗ്യ സേനയും ചേർന്ന് കിണറുകളിൽ ക്ലോറിനേഷൻ നടത്തുകയും, ശുചിത്വ കാമ്പെയ്ൻ സംഘടിപ്പിക്കുകയും ചെയ്യുന്നുണ്ട്. |

സെക്ഷൻ ഓഫീസർ